കേരള സർക്കാർ

നമ്പർ.2750(2)/ആർ.ഡി.2/09/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 10/08/2009

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - മൊബൈൽ ടവർ നിർമ്മാണം പെർമിറ്റ് നൽകുന്നത് സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. 13/03/2009-ലെ 2750/ആർ.ഡി2/09/തസ്വഭവ നമ്പർ സർക്കുലർ.

2. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി 01/07/2009-ൽ നടത്തിയ യോഗത്തിന്റെ മിനിട്ട്സ്.

സൂചന ഒന്നിലെ സർക്കുലർ പ്രകാരം മൊബൈൽ ടവർ നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നതു സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

ടവർ നിർമ്മാണത്തിനുള്ള സ്ഥലം തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള എതിർപ്പും പെർമിറ്റ് നല്കുന്ന കാര്യത്തിൽ ചില തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുണ്ടാകുന്ന ആശങ്കയും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ഇക്കാര്യങ്ങൾ പരിശോധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ടവർ നിർമ്മാണത്തിനു നിർദ്ദേശിക്കുന്ന സ്ഥലം സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതിയുണ്ടെങ്കിൽ ഭരണ സമിതിയുടെ നേതൃത്വത്തിൽ ടവർ നിർമ്മാതാക്കളെയും, പൊതുജനങ്ങളെയും പങ്കെടുപ്പിച്ച് ചർച്ച നടത്തിഅനുയോജ്യമായ സ്ഥലം കണ്ടെത്തേണ്ടതാണ്.

ചട്ടങ്ങൾ പാലിക്കാതെ stop memo നല്കുന്ന രീതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കാൻ പാടില്ല.

രാജേഷ് കുമാർ സിംഗ്
സെക്രട്ടറി

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ മേയർമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ ചെയർമാൻമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്തു സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എസ്സ്
തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തദ്ദേശസ്വയംഭരണ (ആർ.ബി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.